# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 966 30.09.2016 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറി കൃഷി

ചോദ്യം
**ശ്രീ.കെ.വി.വിജയദാസ്**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ഈ സർക്കാർ ജൈവ പച്ചക്കറി ഉത്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

എ) കർഷകരിൽ നിന്നുള്ള ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി 40 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 31 ഇക്കോഷോപ്പുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. നല്ല കൃഷി മുറകൾ പാലിയ്ക്കുന്ന കർഷക ക്ലസ്റ്ററുകളിൽ നിന്നും ജി.എ.പി സാക്ഷ്യ പത്രത്തോടുകൂടിയ പച്ചക്കറികൾ ശേഖരിച്ച് ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതിലേയ്ക്കായി 18 മുൻസിപ്പാലിറ്റികളിലേയും കോർപ്പറേഷനു കളിലേയും ഉപഭോക്താക്കൾക്ക് 50രൂപ, 100രൂപ എന്നീ നിരക്കിൽ പച്ചക്കറി കിറ്റുകൾ വിൽപ്പന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് 3ലക്ഷം രൂപ അനുവദിയ്ക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ എവിടെയും ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ടും കൂട്ടായ്മകൾ വഴിയും ഏറ്റെടുക്കണമെന്ന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിളവെടുപ്പിന് മുമ്പ് അറിയിക്കുകയാണെങ്കിൽ തക്ക സമയത്ത് തന്നെ അവ സംഭരിക്കുവാനും കൂടാതെ വി.എഫ്.പി.സികെ വഴിയും കൃഷി ഭവനുകൾ വഴിയും സംഭരണം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഹോർട്ടി കോർപ്പ് മുഖേന സംഭരണം നേരിട്ട് നടത്തി കർഷകർക്ക് വിളകൾ സംഭരിക്കുമ്പോൾ തന്നെ വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; ? | ബി) | സംഭരണം നടത്തുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും വില 5 ദിവസത്തിനുള്ളിൽ കർഷകർക്ക് നൽകുവാൻ ഹോർട്ടികോർപ്പിൽ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുവാൻ നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ